**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1495** **19-09-2025 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ സീറ്റുകളിൽ അഡ്മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഈ അധ്യയന വർഷം ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണവും പ്ലസ് വൺ സീറ്റുകളിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികളുടെ എണ്ണവും എത്രയാണെന്ന് അറിയിക്കുമോ; | (എ) | 2025 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷയിൽ 4,26,191 പേർ ഉപരി പഠനത്തിന് യോഗ്യത നേടുകയുകണ്ടായി. 2025-26 അധ്യയന വർഷം ഹയർ സെക്കണ്ടറിയിൽ പ്ലസ് വൺ പ്രവേശനം നേടിയവരുടെ എണ്ണം 3,86,395 ആണ്. |
| (ബി) | മലബാർ മേഖലയിൽ ഈ അധ്യയന വർഷം ഹയർസെക്കൻഡറി പഠനത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണം എത്ര; എത്ര വിദ്യാർത്ഥികൾക്ക് പ്ലസ് വൺ അഡ്മിഷൻ ലഭിച്ചു; എത്ര വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കുവാൻ ഉണ്ട്; വ്യക്തമാക്കുമോ; | (ബി) | പാലക്കാട്,കോഴിക്കോട്,മലപ്പുറം,വയനാട്,കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകൾ ഉൾപ്പെട്ട മലബാർ മേഖലയിൽ 2025 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷയിൽ 2,31,116 പേർ ഉപരിപഠനത്തിന് യോഗ്യത നേടുകയുണ്ടായി. മലബാർ മേഖലയിൽ 2025-26 അധ്യയന വർഷം ഹയർ സെക്കണ്ടറിയിൽ പ്ലസ് വൺ പ്രവേശനം നേടിയവരുടെ എണ്ണം 2,04,468 ആണ്. 2025 ജൂലൈ 31 ന് നിലവിലുള്ള ഒഴിവുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്കായി സ്പോട്ട് അഡ്മിഷനോടുകൂടി ഓൺലൈൻ പ്രവേശനം അവസാനിപ്പിച്ച ശേഷം മലബാർ മേഖ ലയിൽ ആകെ 20,032 സീറ്റുകൾ ഒഴിവായി അവശേഷിക്കുന്നു. |
| (സി) | മലബാർ മേഖലയിൽ ഒരു ഹയർ സെക്കൻഡറി ക്ലാസ്സിൽ പഠിക്കുന്ന ശരാശരി വിദ്യാർഥികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; സംസ്ഥാനത്തെ ശരാശരി എത്രയാണെന്ന് വ്യക്തമാക്കുമോ; അധ്യാപക-വിദ്യാർത്ഥി അനുപാതം ക്രമീകരിക്കുന്ന രീതിയിൽ മലബാർ മേഖലയിൽ കൂടുതൽ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | മലബാർ മേഖലയിൽ ഒരു ഹയർ സെക്കണ്ടറി ക്ലാസ്സിൽ പഠിക്കുന്ന ശരാശരി വിദ്യാർത്ഥികളുടെ എണ്ണം 56 ഉം സംസ്ഥാനത്തെ ശരാശരി 51 ഉം ആണ്. അധ്യാപക-വിദ്യാർത്ഥി അനുപാതം ക്രമീകരിക്കുന്ന രീതിയിൽ മലബാർ മേഖലയിൽ കൂടുതൽ പ്ലസ് വ ൺ ബാച്ചുകൾ അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ